പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 681. 11-06-2014- ൽ മറുപടിയ്ക്ക്

## മഴക്കാല പൂർവ്വ ശുചീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) മഴക്കാലത്ത് പകർച്ച വ്യാധി പടർന്ന് പിടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നു വരുന്നു. മുഖ്യ മന്ത്രിയുടെയും ആരോഗ്യ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാന തലത്തിലും; ജില്ലകളിലും. താഴെ തട്ടിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും പ്രവർത്തനപുരോഗതി വിലയിരുത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തു. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം കൊടുത്തു, കൈപ്പുസ്തകങ്ങളും ചികിത്സാ മാർഗ്ഗരേഖകളും തയ്യാറാക്കി. മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട |

| | |
|---|---|
| | നശീകരണ കാമ്പെയിനുകൾ, ജല ശുദ്ധീകരണ കാമ്പെയിനുകൾ തുടങ്ങിയവ നടപ്പിലാക്കി. ഐ.ഡി.എസ്.പി വഴി വിവിധ ജില്ലകളിൽ രോഗ നിരീക്ഷണം നടത്തി രോഗം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് സത്വര നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുക നിരീക്ഷണം, ശുചിത്വ നിരീക്ഷണം തുടങ്ങിയവ കാര്യക്ഷമമാക്കി. മരുന്ന്, കൊതുക നിയന്ത്രണ ഉപകരണങ്ങൾ, കീടനാശിനികൾ മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കി. വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾക്കുൾപ്പെടെയുള്ള പകർച്ചവ്യാധി നിയന്ത്രണത്തിന് ഫണ്ട് ലഭ്യമാക്കി. |
| (ബി) വാർഡ് തലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ? ഇത് കൃത്യമായി ചെലവഴിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | വാർഡ് ഒന്നിന് 25,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. (എൻ. ആർ. എച്ച്.എം ഫണ്ട് 10,000/- രൂപ, ശുചിത്വമിഷൻ ഫണ്ട് 10,000/- രൂപ, തദ്ദേശസ്ഥാപന ഫണ്ട് (പെർമിസീവ് സാംഗ്ഷൻ) 5,000/- രൂപ ഉൾപ്പെടെ 25,000/-രൂപ). ചില തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ ഫണ്ട് നൽകുന്നുണ്ട്. |
| (സി) **സർക്കാർ ആശുപത്രികളിൽ പനിക്കുള്ള മരുന്നുകൾ** ആവശ്യത്തിന് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പനിക്കുള്ള മരുന്നുകൾ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**